# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം: *241 — 15..12..2015 -ൽ മറുപടിയ്ക്ക്

### സ്വകാര്യ ഏജൻസികൾ മുഖേനയുള്ള പരീക്ഷാ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, റ്റി. വി. രാജേഷ്<br>,, ആർ. രാജേഷ്<br>ഡോ. കെ. ടി. ജലീൽ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർവ്വകലാശാലകളിലെ പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് നയപരമായി തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (ബി) സാങ്കേതിക സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തലത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ പരിക്ഷാനടത്തിപ്പ് ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല. "വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം" നടപ്പിലാക്കുന്നതിന് ഇ-ടെൻഡർ വഴി സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, സംവിധാനങ്ങൾ ഒരുക്കുന്നതിനും ആയത് പ്രവർത്തിപ്പിക്കുന്നതിന് ഏജൻസിയെ കണ്ടെത്തി നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ അദ്ധ്യാപക -വിദ്യാർത്ഥി സംഘടനകളുടെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാരുമായി കൂടിയാലോചിച്ച് സർവ്വകലാശാല പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. 'എക്സിക്യൂട്ടീവ് കമ്മിറ്റി' തലത്തിലാണ് വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനം എടുത്തത്. |

| | | | |
|---|---|---|---|
| (സി) | പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിനെതിരെ നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് വിദ്യാഭ്യാസമികവിനെ പ്രതികൂലമായി ബാധിക്കുമോ; പ്രസ്തുത തീരുമാനം പിൻവലിക്കാൻ തയ്യാറാകുമോ? | (ഡി) | പരീക്ഷാ നടത്തിപ്പിന് ആവശ്യമായ സോഫ്റ്റ്‌വെയർ, പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ, വെബ് ക്യാമറ എന്നിവയും ഇവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഓപ്പറേറ്റർ എന്നിവയാണ് ഏജൻസിയെ ഏല്പിച്ചത്. ചോദ്യപേപ്പർ തയ്യാറാക്കൽ, ഉത്തരകടലാസ് മൂല്യനിർണ്ണയം എന്നിവ അതിന്റെ രഹസ്യസ്വഭാവം കാത്ത് സൂക്ഷിച്ച് അദ്ധ്യാപകർ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. പരീക്ഷാ നടത്തിപ്പ് വിഭാവനം ചെയ്യത് പോലെ ഏജൻസി മുഖാന്തിരം നടത്തിയാൽ വിദ്യാഭ്യാസമികവിനെ ബാധിക്കില്ല. എന്നാൽ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ വെബ് എനേബിൾഡ് പരീക്ഷാസംവിധാനം പിൻവലിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി/സർക്കാർ ഏജൻസി സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുവരെ പരമ്പരാഗതമായ രീതിയിൽ പരീക്ഷ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ